**ശ്രദ്ധക്ഷണിക്കൽ**

(1) കുട്ടനാട്ടിലെ ബണ്ട് തകർച്ചയ്ക്ക് ശാശ്വത പരിഹാരം

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറെ പ്രതീക്ഷയോടുകൂടിയാണ് ശ്രദ്ധക്ഷണിക്കുന്നത്. കാരണം കുട്ടനാട്ടുകാരായ ഞങ്ങൾ നാളുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും ഈ സഭയുടെ മുമ്പാകെ കൊണ്ടുവരാൻ എനിക്ക് കിട്ടിയ അവസരം ഏറ്റവും പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളെ സംബന്ധിച്ച് ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു പ്രദേശമാണ് കുട്ടനാട്. അപ്പർ കുട്ടനാടും ലോവർ കുട്ടനാടും രണ്ട് ഭാഗങ്ങളും വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലങ്ങളാണ്. ഞങ്ങളുടെ പ്രശ്നങ്ങളെല്ലാം ബഹുമാന്യരായ മുഖ്യമന്ത്രിയുടേയും റവന്യൂ, ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വളരെ ശക്തമായ രീതിയിലും അനുകൂലമായ നിലപാടാണ് കഴിഞ്ഞ കാലങ്ങളിൽ ഇവരെല്ലാം എടുത്തിട്ടുള്ളത്. പക്ഷെ ഞങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം

കുട്ടനാട്ടിലെ ജനങ്ങളെ സംബന്ധിച്ച് അവരുടെ വീടുകൾ, അവരുടെ കൃഷി സ്ഥലങ്ങൾ, അവരുടെ കന്നുകാലികൾ അതുപോലെ മറ്റ് വിളകളൊക്കെ നശിച്ചുപോകുകയും വെള്ളകംകയറി വല്ലാത്തൊരു അവസ്ഥയിലേക്ക് ഞങ്ങൾ നീങ്ങുന്നതിന്റെ കാരണം അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കമാണ്. സാധാരണയിൽ സാധാരണക്കാരായ ആൾക്കാരാണ്. കുട്ടനാടിനെ സംബന്ധിച്ച് 98 ശതമാനവും പാവപ്പെട്ട ആൾക്കാരാണ് കുട്ടനാട്ടിൽ താമസിക്കുന്നത്. രണ്ട് ശതമാനം മാത്രമെ ഇടത്തരകാരുള്ളൂ. ഞങ്ങളെ സംബന്ധിച്ച് ഓവർ-കം ചെയ്യാനുള്ള കഴിവോ അതിനുള്ള സാമ്പത്തിക ഭദ്രതയോ കുട്ടനാട്ടിലെ ജനങ്ങൾക്കില്ലായെന്നത് സത്യമാണ്. എനിക്ക് പറയായുള്ളത് രണ്ടാം കുട്ടനാട് പാക്കേജ് ആദരണീയനായ മുഖ്യമന്ത്രി ഞങ്ങൾക്ക് തന്നു. അത് നടപ്പിലാക്കാനുള്ള സംവിധാനം ഒരുക്കിതന്നുക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമുള്ള ക്രമീകരണം നടത്തണമെന്നതാണ് ഞങ്ങളുടെ ഒന്നാമത്തെ വിഷയം. രണ്ടാമതായി പറയാനുള്ളത് കുട്ടനാട്ടിൽ എന്തുകൊണ്ടാണ് മടവീഴുന്നത്; അത് വലിയൊരു വിഷയമാണ്. കാരണം ഞങ്ങളുടെ ഒരു ബണ്ടുകളും

ബലമുള്ളതല്ല. കാരണം ഒന്നാം കുട്ടനാട് പാക്കേജ് വന്നപ്പോൾ അത് ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും വലിയ വിഷയം. എന്നാൽ ഇപ്രാവശ്യം ഞങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഫണ്ട് തക്കസമയത്ത് നല്ല രീതിയിൽ ഉപയോഗിക്കാൻ ഒരു സംവിധാനം ഒരുക്കണമെന്നുള്ളതാണ് ഞങ്ങൾക്ക് പറയാനുള്ളത്. പ്രത്യേകിച്ച് പറയാനുള്ളത് അനേകം വാർഡുകൾ വെള്ളത്തിനടിയിലാണ്. ഓരോ വാർഡായി എടുത്താൽ തകഴി, വിയപുരം, നെടുമുടി, കൈനകരി, മറ്റ് പ്രദേശങ്ങളെടുത്താലും പതിമൂന്ന് വാർഡുകളുണ്ടെങ്കിലും ഒന്ന്, രണ്ട് വാർഡുകളെങ്കിലും വെള്ളത്തിനടിയിലാണ്. ഞങ്ങളുടെ പ്രശ്നം ഇങ്ങനെയുള്ള പ്രദേശങ്ങളിൽ അടിയന്തരമായി ഒരു സംവിധാനം ഒരുക്കണമെന്ന് പറഞ്ഞാൽ ഡിസാസ്റ്റർ മാനേജ്മെന്റിൽ ഉൾപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കണമെന്ന് പറഞ്ഞാൽ പലപ്പോഴും സാധിക്കാത്തതായ ഒരവസ്ഥ വരുന്നുണ്ട്. അതുകൊണ്ട് റവന്യൂമിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന കാര്യം ഇങ്ങനെയുള്ള സമയങ്ങളിൽ അടിയന്തരമായി ആ പ്രദേശങ്ങളെ രക്ഷിക്കാനും

അവർക്ക് ആവശ്യമായ കൈതാങ്ങ് കൊടുക്കാനും സാധിക്കണം. ഒരുപാട് വിഷയങ്ങൾ ഞങ്ങൾക്ക് അവതരിപ്പിക്കാനുണ്ട്. എങ്കിലും ഞങ്ങളുടെ സ്കൂളുകൾ തുറന്നുകഴിഞ്ഞപ്പോൾ ഏകദേശം നാല്പത് സ്കൂളുകളെങ്കിലും കുട്ടികൾക്ക് കടന്നുപോകാൻ കഴിയാത്ത അവസ്ഥയാണ്. അവിടെ മുഴുവൻ വെള്ളമാണ്. സ്കൂളുകളിൽ പോകാനായി നിർവ്വാഹമില്ല. എല്ലാ സ്ഥലങ്ങളിലും അതിനാവശ്യമായുള്ള മണ്ണ് തരാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ധാരാളം മണ്ണ് കടപ്പുറം ഭാഗങ്ങളിലുണ്ട്. അത് ലഭിക്കാനായി കളക്ടർക്ക് ഒരു ഓർഡർ അടിയന്തരമായി കൊടുക്കണം. കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ അഞ്ചോ പത്തോ ലോഡ് തന്നിട്ട് കാര്യമില്ല. ഓരോ പഞ്ചായത്തുകൾക്കും ആവശ്യമായുള്ള മണ്ണ് കൊടുക്കാനുള്ള ഒരു സംവിധാനം ഒരുക്കേണ്ടത് ആവശ്യമാണ്. പ്രത്യകിച്ച് കുട്ടികൾക്ക് സ്കൂളുകളിലേയ്ക്ക് കടന്ന് പോകാനുള്ള വഴിയൊരുക്കണമെന്നതാണ് ഊന്നിപറയുന്നത്. രണ്ടാമത്തെ വിഷയം എന്നത് ഞങ്ങളെ സംബന്ധിച്ച് ബണ്ടുകൾ ശക്തിപ്പെടുത്തിയേ പറ്റൂള്ളൂ. ബണ്ടുകൾ ശക്തിപ്പെടുത്താത്തിടത്തോളം കാലം അത് പ്രശ്നമാണ്. പാലങ്ങൾക്ക്

ഉയരമില്ല, പ്രത്യേകിച്ച് കെ.സി. എന്നൊരു പാലമുണ്ട്. പൊളിച്ചുകളയേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. കാരണം വെള്ളം പൊങ്ങികഴിഞ്ഞാൽ ആ പാലത്തിലൂടെ ആ പ്രദേശത്തേയ്ക്കുള്ള ബോട്ട് യാത്രപറ്റുന്നില്ല. അങ്ങനെയുള്ള ധാരാളം പ്രതിസന്ധികളിലൂടെയാണ് ഞങ്ങൾ കടന്നുപോകുന്നത്. ഇതിനെല്ലാംകൂടി അടിയന്തരമായി ഒരു പരിഹാരം ഉണ്ടാകണമെന്നതാണ് പ്രത്യേകിച്ച് പറയാനുള്ളത്. ഈ സഭയുടെ ശ്രദ്ധ ആ വിഷയത്തിലേക്ക് ക്ഷണിക്കുകയാണ്. കുട്ടനാട്ടുകാരായ ഞങ്ങൾ ചേറിന്റെ മണമുള്ളവരാണ്. ഞങ്ങളുടെ ജീവിതം ചേറിനകത്താണ്. ഞങ്ങളുടെ വരുമാനം കൃഷിയാണ്. ചില ഭവനങ്ങളിൽ ഉള്ളവർ വിദേശരാജ്യങ്ങളിൽപ്പോയി കാശുണ്ടാക്കിയതുകൊണ്ട് രക്ഷപ്പെട്ടെന്നേയുള്ളു. അല്ലെങ്കിൽ ഏക വരുമാനമെന്ന് പറയുന്നത് കൃഷിയും, ഫിഷിംഗ്, നാളികേരവുമാണ്. എന്റെ ചെറുപ്പകാലങ്ങളിൽ ഞങ്ങൾ പച്ചക്കറിക്കുള്ളതൊന്നും വാങ്ങാറില്ല കുപ്പചീര, കപ്പങ്ങ, മാങ്ങകൊണ്ടും  ഉപജീവനം കഴിച്ചുകൂട്ടിയവരാണ് ഞങ്ങൾ. ഞങ്ങളുടെ വീടുകളിൽ അന്ന് ധാരാളം കോഴികളുണ്ടായിരുന്നു. ഇന്ന് എല്ലാ സിസ്റ്റവും മാറിയിട്ടുണ്ട്. ഇതെല്ലാം ബന്ധപ്പെട്ട മന്ത്രിമാരുടെ

ശ്രദ്ധയിൽപ്പെടുത്തണം. കൂടാതെ ഇറിഗേഷൻ മിനിസ്റ്റർ ഇന്നിവിടെ വന്നിട്ടില്ല. അദ്ദേഹത്തിന്റ പിതാവ് ഈ ലോകത്ത് നിന്ന് വിടപറഞ്ഞതിന്റെ ദു:ഖത്തിലാണ്. തീർച്ചയായും ആ ഭവനത്തോടുള്ള അനുശോചനം കുട്ടനാട്ടുകാർക്കുംവേണ്ടി ഞാൻ അറിയിക്കുകയാണ്. അതിനോടൊപ്പം കുട്ടനാട്ടുകാരായ ഞങ്ങൾക്കാവശ്യമുള്ള ഒരു സംവിധാനം എല്ലാ പഞ്ചായത്തുകൾക്കും എല്ലാ വാർഡുകളിലേയ്ക്കുമുള്ള ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയും വെള്ളപ്പൊക്കം തടയുന്നതിനും വേണ്ടിയുള്ള അടിയന്തരമായൊരു ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയാണ്.

റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം വിശദമായി സംസാരിച്ചത്, യഥാർത്ഥത്തിൽ അദ്ദേഹം ഇക്കാര്യത്തിലെടുക്കുന്ന വളരെ പോസിറ്റീവായിട്ടുള്ള നിലപാടിന്റെകൂടി അടിസ്ഥാനത്തിലാണ്. കുട്ടനാട്ടിലെ ജനങ്ങൾക്കുവേണ്ടി എപ്പോഴും അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നത് ആ മേഖലയിലെ ആളുകൾക്ക് കൂടുതൽ കാര്യങ്ങൾ ലഭ്യമാകുന്നതിന് പ്രത്യേക

സഹായകരമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട അംഗം എഴുതിതന്നതുമാത്രമല്ല, മറ്റു ചില വിഷയങ്ങൾ കൂടി ഇവിടെ സൂചിപ്പിച്ചു. എന്തായാലും സർക്കാരിനുവേണ്ടി അക്കാര്യത്തിൽ കുട്ടനാടുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളിൽ രണ്ടാം പാക്കേജ് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ മറ്റെല്ലാ വകുപ്പുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിൽ കുറെക്കൂടി വേഗത വർദ്ധിപ്പിച്ച് അക്കാര്യത്തിൽ ശ്രദ്ധേയമായ ഇടപെടൽ ഈ ഗവൺമെന്റ് നടത്തുമെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ കുട്ടനാട്ടിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രശ്നം വളരെ ഗൗരവമായ കാര്യമാണ്. രണ്ടാം കുട്ടനാട് പാക്കേജിനോടൊപ്പം ചേർത്തുവായിക്കാൻ കഴിയുന്ന വിധത്തിൽ നബാർഡുമായി ബന്ധപ്പെട്ട സ്കീം പ്രത്യേകമായി ആ മൂന്ന് പാടശേഖരങ്ങളെ ബന്ധപ്പെടുത്താവുന്ന വിധത്തിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ വേഗത വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടൽകൂടി നടത്തും. കുട്ടനാട്ടിലെ ജനങ്ങളുടെ പൊതുസ്ഥിതിയാണ് ഇവിടെ സൂചിപ്പിച്ചത്. നേരത്തെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്ത ഐ.പി.സി.സി.യുടെ നാലാമത് റിപ്പോർട്ടിനെക്കുറിച്ച്, ഏതാണ്ട്

മൂവായിരത്തിലേറെ ശാസ്ത്രജ്ഞന്മാർ പങ്കെടുത്ത് നടത്തിയ അവലോകനപ്രസംഗത്തിന്റെ ഉപസംഹാരത്തിൽ അവർ പറയുന്നത് അമേരിക്കയിൽ ഒരു പൗരന്റെ ശരാശരി പ്രതിശീർഷ കാർബൺ എമിഷൻ 27 ടൺ ആണെന്നാണ്. ലോകത്തിലെ നാനൂറ്, അഞ്ഞൂറ് കോടി വരുന്ന ദരിദ്ര ജനവിഭാഗത്തിന്റെ പ്രതിശീർഷ കാർബൺ എമിഷൻ യഥാർത്ഥത്തിൽ ഒന്നര ടൺ മാത്രമേയുള്ളൂ. ഒന്നര ടൺ ഉണ്ടാകുന്ന ഈ പ്രതിശീർഷ കാർബൺ എമിഷൻ 27 ആയി വർദ്ധിപ്പിച്ചാൽപ്പിന്നെ ഭൂമിയില്ല, ലോകമില്ല. നമ്മുടെ പ്രിയങ്കരനായ ശ്രീ. സുനിൽ പി. ഇളയിടം ഇതിനെ സംബന്ധിച്ച് വളരെ രസരകരമായി നടത്തിയിട്ടുള്ള കമെന്റ്, ദാരിദ്ര്യം കൊണ്ടാണ് സമ്പത്ത് കൊണ്ടല്ല, യഥാർത്ഥത്തിൽ ഈ ലോകം മുന്നോട്ടുപോകുന്നത് എന്നാണ്. അതുകൊണ്ട് കുട്ടനാട്ടുകാരുടെ ദാരിദ്ര്യത്തെച്ചൊല്ലി ഈ ഗവൺമെന്റിന്റെ ശ്രദ്ധയില്ലാത്ത ഒരു നടപടിയും ഉണ്ടാകില്ലെന്ന് ഞാൻ അങ്ങയോട് ഉറപ്പുനൽകുകയാണ്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം കുട്ടനാട് നിവാസികൾക്ക് ഒട്ടനവധി കഷ്ടനഷ്ടങ്ങൾക്കിടയാക്കുന്നുവെന്നും അവരുടെ സാധാരണ ജീവിതത്തെ ഗുരുതരമായി ബാധിക്കുന്നുവെന്നുമുള്ള അംഗത്തിന്റെ അഭിപ്രായം ശരിയാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം

വെള്ളപ്പൊക്കവും പ്രളയവുമെല്ലാം ആദ്യം ബാധിക്കുന്ന മേഖലയാണ് കുട്ടനാട്. അതുകൊണ്ടുതന്നെ കുട്ടനാട് പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. തുടരെ തുടരെയുണ്ടാകുന്ന മഴയെത്തുടർന്ന് കുട്ടനാടിലെ വിവിധ സ്കൂളുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സ്കൂളുകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നിശ്ചിത അളവ് മണൽ വിതരണം ചെയ്യുന്നതിന് തോട്ടപ്പള്ളി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി ജില്ലാഭരണകൂടം നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പാടശേഖരങ്ങളിലെ മടവീഴ്ചയെത്തുടർന്ന് താല്ക്കാലിക ബണ്ടുനിർമ്മാണത്തിന് പാടശേഖരസമിതികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മണൽ വിതരണം ചെയ്തുവരുന്നുണ്ട്. തോട്ടപ്പള്ളി ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രവേശന കവാടത്തിലും ചാനലിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മണലിലെ ധാതുക്കൾ നീക്കം ചെയ്ത് മണൽ തോട്ടപ്പള്ളി ഹാർബറിൽ തന്നെ സുരക്ഷിത സ്ഥലത്ത് നിക്ഷേപിച്ച് വരുന്നുണ്ട്. ആ മണലാണ് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും താൽക്കാലികമായി ബണ്ട് നിർമ്മാണത്തിനും ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. നിലവിൽ 72

സ്കൂളുകൾക്കും 15 പാടശേഖര സമിതികൾക്കും കൂടി 435 ലോഡ് ധാതുരഹിതമണൽ ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത്, ആഭ്യന്തരം, റവന്യൂ വകുപ്പുകൾക്ക് സംയുക്തമായിട്ടാണ് മണൽ വിതരണം ചെയ്യുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്. കുട്ടനാട് പ്രദേശങ്ങളിലെ വെള്ളക്കെട്ട് നീക്കം ചെയ്യുന്നതിന് ആവശ്യമായ ധാതുരഹിത മണൽ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ കൊല്ലത്തെ യാർഡിലും ലഭ്യമാണ്. വെള്ളപ്പൊക്കത്തെ തുടർന്ന് ഇതുവരെ തുറക്കാനാകാത്ത സ്കൂളുകളുള്ള കാര്യം അങ്ങ് ശ്രദ്ധയിൽപ്പെടുത്തുമ്പോൾ പ്രത്യേക പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ഇന്നുതന്നെ ജില്ലാഭരണകൂടത്തിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ഓറഞ്ച് ബുക്ക് 2021 പ്രകാരം ബണ്ട് സംരക്ഷണാവശ്യത്തിന് തദ്ദേശഭരണ സ്ഥാപനത്തിനും ജലസേചന വകുപ്പിനും കൃഷി വകുപ്പിനും തനത് ഫണ്ട് ലഭ്യമല്ലെങ്കിൽ മണൽ നിറച്ച കയർ ചാക്കുകളോ ജിയോ ട്യൂബുകളോ ഇടുന്ന പ്രവൃത്തികൾക്ക് ഒരു പഞ്ചായത്തിന് പരമാവധി നാല് ലക്ഷം രൂപ വരെ ദുരന്തപ്രതികരണനിധിയിൽ നിന്ന് അനുവദിക്കാവുന്നതുമാണ്.

ബഹുമാനപ്പെട്ട അംഗം മുൻകൈയെടുത്ത് സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറെതന്നെ പങ്കാളികളാക്കികൊണ്ട് ഞങ്ങളെല്ലാവരും ചേർന്ന് യോഗം ചേരുകയുണ്ടായി. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ വെള്ളം നിറഞ്ഞുകിടക്കുന്ന പാടശേഖരങ്ങളിൽ വെള്ളം വറ്റിക്കുന്നതിനായി കൂടുതൽ പമ്പുകൾ സ്ഥാപിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ടുപയോഗിക്കേണ്ട കാര്യം പ്രത്യേകമായി പരിഗണനയിൽ വരുന്നതാണ്. അടിയന്തരമായി ആ കാര്യത്തിൽ നടപടിയെടുക്കാമെന്നുകൂടി അങ്ങേയ്ക്ക് ഞാൻ  ഉറപ്പുനൽകുകയാണ്. ഒരു കാര്യംകൂടി പറയട്ടെ, കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ ചില പ്രത്യേകതകളുണ്ട്. കേരള ദുരന്തനിവാരണ പ്രവർത്തനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ പ്ലാൻ ചെയ്യുന്ന നിലയിലാണ് ഇപ്പോൾ ദുരന്തനിവാരണ അതോറിറ്റി ചുവടുമാറ്റിക്കൊണ്ടിരിക്കുന്നത്. സഭ അറിയാൻവേണ്ടി ഞാൻ സൂചിപ്പിക്കുകയാണ്. പ്രാദേശികാടിസ്ഥാനത്തിൽത്തന്നെ ദുരന്തനിവാരണ പ്ലാനുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഇന്ത്യാരാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. സ്വാഭാവികമായും കുട്ടനാടിന്റെ പ്രശ്നം പ്രത്യേകമായി എടുത്തുകൊണ്ട് സ്കൂൾ തുറക്കുന്നതിന് മാത്രമല്ല, അവരുടെ

ജീവിതം സാധാരണഗതിയിലാക്കുന്നതിനുവേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേകമായിട്ടുള്ള ഇടപെടൽ നടത്താമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുനൽകുന്നു. ഇക്കാര്യത്തിൽ പ്രത്യേകമായൊരു യോഗം നടത്തി വരുന്ന ദിവസത്തിനുള്ളിൽ അവിടെ സ്കൂളുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളും കൂടി ആലോചിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറ്റവും പ്രധാനമായി ചെയ്യേണ്ട ഒരു വിഷയം കനകാശ്ശേരി - മീനപ്പള്ളി - വലിയഗിരി എന്ന പാടശേഖരം മൂന്നുവർഷമായി വെള്ളത്തിൽ കിടക്കുന്ന പ്രദേശമാണ്. കാരണം അവരുടെയൊക്കെ അടുക്കലേയ്ക്കുപോകാൻ സത്യത്തിൽ പേടിയാണ്. കഴിഞ്ഞയാഴ്ച കളക്ടറുമായിട്ടാണ് അവിടെ പോയത്. അവരുടെ ജീവിതരീതി കണ്ടപ്പോൾ വളരെയധികം സങ്കടം തോന്നി. കാരണം നമുക്ക് കരയാനല്ലാതെ മറ്റൊന്നിനും സാധിക്കുകയില്ല. ഇതുപോലെ ദുരിതത്തിലായിട്ടുള്ള ഒരു പ്രദേശം കേരളത്തിൽ കുട്ടനാടല്ലാതെ മറ്റൊന്നുമില്ല. ദുരിതപരമായ ജീവിതം നയിക്കുന്ന ഞങ്ങളുടെ പ്രദേശങ്ങളെ..... പ്രത്യേകിച്ചും പിണറായി ഗവൺമെന്റിനെ വളരെ പ്രതീക്ഷയോടെയാണ് ഞങ്ങൾ

കാണുന്നത്. ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ആത്മാർത്ഥമായി അനുഗ്രഹിച്ച് പ്രാർത്ഥിച്ചാൽ അതിനൊരു വ്യത്യാസവും വരില്ലെന്നാണ് ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയോട് ആത്മാർത്ഥമായി പറഞ്ഞത്. ഞങ്ങളെയൊന്ന് സഹായിച്ചാൽ തീർച്ചയായും അതിന്റെ അനുഗ്രഹം നിയമസഭയ്ക്കും ഈ ദേശത്തിനുമുണ്ടാകും. അതുകൊണ്ട് ഞങ്ങളുടെ പ്രദേശവാസികളെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, തീർച്ചയായും, ഞാൻ നേരത്തെതന്നെ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞു. റൂം ഫോർ റിവർ ഉൾപ്പെടെയുള്ള നടപടികൾ എടുക്കുന്നതിന്റെ ഭാഗമായി കുട്ടനാടിനെ പ്രത്യേകമായി പരിഗണിച്ചിട്ടുണ്ട്. അങ്ങ് ഉദ്ദേശിച്ച ഈ പ്രശ്നം പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.

(2) സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും തുറക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. ബഷീർ: സർ, വളരെ പ്രധാനമായ ഒരു വിഷയമാണ് ഞാൻ സഭയുടെയും ബഹുമാനപ്പെട്ട സർക്കാരിന്റെയും മുമ്പാകെ കൊണ്ടുവരുന്നത്. സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠനപരിശീലനം നൽകുന്നതിനായി കേരളത്തിലെ

ഡിസെബിലിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 280-ഓളം സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെയെല്ലാംകൂടി ഏകദേശം ഇരുപത്തി അയ്യായിരത്തോളം കുട്ടികളും മൂവായിരത്തോളം അദ്ധ്യാപകരും ആയിരത്തോളം ആയമാരും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലുകളും സ്കൂളുകളുമൊക്കെ കോവിഡ് കാലത്ത് അടഞ്ഞുകിടക്കുകയാണ്. സ്കൂളുകളൊക്കെ തുറന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ 300-ൽ അധികം ബഡ്സ് സ്കൂളുകളുമുണ്ട്. അവിടെ ഏകദേശം പതിനായിരത്തോളം കുട്ടികളുമുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തെ ഒരു സ്ഥിതിയാണ്. സാധാരണ കുട്ടികൾക്കെന്നപോലെ എഴുത്തും വായനയിലൂടെയുമുള്ള ഒരു വിദ്യാഭ്യാസം ഇവർക്ക് സാധ്യമല്ല. മാനസികവെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ ലക്ഷ്യം പരാശ്രയം കൂടാതെ സ്വന്തം കാര്യങ്ങൾ ചെയ്ത് സമൂഹത്തിന്റെ ഭാഗമായി ജീവിക്കുന്നതിനും തൊഴിൽ ചെയ്ത് ഭാഗികമായോ പൂർണ്ണമായോ വരുമാനം സമ്പാദിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും അതോടൊപ്പം അവരെ സാധ്യമായ രീതിയിൽ കഴിയുന്നത്ര കുട്ടികൾക്ക് എഴുത്തും വായനയും അഭ്യസിപ്പിക്കുകയാണ് ഈ സ്പെഷ്യൽ സ്കൂളുകളിൽ

ചെയ്യുന്നത്. ഈ സ്പെഷ്യൽ സ്കൂളുകൾ ഈ കോവിഡ് കാലത്ത് തുറക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നവംബർ 1 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലുള്ള സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ അനുമതി ഉണ്ടായപ്പോഴും തുറന്നുപ്രവർത്തിച്ചപ്പോഴും സ്പെഷ്യൽ സ്കൂളിലും ബഡ്സ് സ്കൂളിലും പോകുന്ന കുട്ടികൾക്ക് സ്കൂളുകളിൽ പോകാനുള്ള സാഹചര്യം ലഭ്യമായിട്ടില്ല. സർക്കാർ ഇതുവരെ ഇത് പരിഗണിച്ചിട്ടുമില്ല; അതാണ് വളരെ ഖേദകരമായ ഒരു വസ്തുത. വീടുകളിനുള്ളിൽ കഴിഞ്ഞുകൂടേണ്ട അവസ്ഥയിൽ ഇത്തരം കുട്ടികളും അവരുടെ മാതാപിതാക്കളും അനുഭവിക്കുന്ന ശാരീരിക മാനസിക ആരോഗ്യപരമായ പ്രശ്നങ്ങളും സാമൂഹ്യപരമായ ഒറ്റപ്പെടലും ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെ വളരെ പ്രതികൂലമായി ബാധിക്കുന്നു. സർക്കാർ നവംബർ ഒന്നാം തീയതി സ്കൂളുകൾ തുറന്നു. 08.10.2021-ന് സർക്കാർ ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. ആ മാർഗ്ഗനിർദ്ദേശത്തിൽ 12-ാം മത്തേതിൽ പറയുന്നത് ഭിന്നശേഷിയുള്ള കുട്ടികൾ ആദ്യഘട്ടത്തിൽ സ്കൂളിൽ വരേണ്ടതില്ല എന്നാണ്. ഇതിന് ബഹുമാനപ്പെട്ട മന്ത്രി... ഞാൻ ആദ്യ ഘട്ടം പറഞ്ഞത് സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളുമാണ്. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ തുറന്നു. ഒരു വീട്ടിൽ രണ്ടോ മൂന്നോ

കുട്ടികളുണ്ട്. എട്ടാം ക്ലാസ്സിൽ ജ്യേഷ്ഠൻ പഠിക്കുന്നു. ആറാം ക്ലാസ്സിൽ ഭിന്നശേഷിയുള്ള രണ്ടാമത്തെ കുട്ടി പഠിക്കുന്നു. പൊതുവിൽ കാലിൽ 40 ശതമാനം ഹാന്റികാപ്ഡായിരിക്കും. ആ കുട്ടിക്ക് സ്കൂളിൽ പോകാൻ പാടില്ല. ഞാൻ രണ്ടുമൂന്ന് സ്കൂളിന്റെ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയാണ്. ഈ സ്കൂളിലെ രക്ഷിതാക്കൾ വിളിച്ചിട്ട് പറയുന്നത്, രണ്ടാമത്തെ കുട്ടിക്ക് സ്കൂളിലേയ്ക്ക് പ്രവേശനമില്ല. എങ്ങനെയെങ്കിലും ഒരു മണിക്കൂറെങ്കിലും സ്കൂളിൽ വന്നിരിക്കുന്നതിന് പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററും സൗകര്യം ചെയ്തുകൊടുക്കണമെന്നാണ്. ജ്യേഷ്ഠൻ സ്കൂളിലേയ്ക്ക് ബാഗും കൊണ്ടുപോകുന്നു, മൂന്നാമത്തെ കുട്ടിയും പോകുന്നു. രണ്ടാമത്തെ കുട്ടി വികലാംഗനായതുകൊണ്ട് അവന് സ്കൂളിലേയ്ക്ക് പ്രവേശനമില്ല. രക്ഷിതാക്കൾക്കും സ്കൂളിൽ പോകാൻ പാടില്ല. കോവിഡ് കാലഘട്ടത്തിലുള്ള പ്രയാസങ്ങളും വിഷമങ്ങളും പരിമിതികളും പരിധികളും നമുക്കറിയാം. പക്ഷേ ഇപ്പോൾ ഒരു അനുകൂലസാഹചര്യമുണ്ടായതുകൊണ്ട് സർക്കാർ ഇക്കാര്യം അടിയന്തരമായി പരിഗണിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന ബഡ്സ് സ്കൂളുകളും സ്പെഷ്യൽ സ്കൂളുകളും അതുപോലെ അവരുടെ ഹോസ്റ്റലുകളുമെല്ലാം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ

ഉത്തരവുകളും നിർദ്ദേശങ്ങളും സൗകര്യങ്ങളും അടിയന്തരമായി ചെയ്യാവുന്നതാണെന്നാണ് എനിക്ക് ശ്രദ്ധ ക്ഷണിക്കലിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട പി. കെ. ബഷീർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്ത് ഏകദേശം 321 സ്പെഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. അതിൽ എൻ.ജി.ഒ. നടത്തുന്ന സ്കൂളുകളും ബഡ്സ് സ്കൂളുകളും ദീനദയാൽ ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്.) ഗ്രാന്റ് ലഭിക്കുന്ന സ്കൂളുകളും ഉൾപ്പെടുകയാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രതിരോധശേഷി കുറവാകാൻ സാധ്യതയുള്ളതിനാലും വാക്സിനേഷൻ കിട്ടിയിട്ടില്ലാത്തതിനാലും സാമൂഹ്യഅകലം പാലിക്കുക, മാസ്ക് ധരിക്കുക, സാനിറ്റൈസ് ചെയ്യുക എന്നീ പ്രതിരോധ പ്രവർത്തനങ്ങളിൽ ഒട്ടും തന്നെ വീഴ്ചവരാതെ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ പകുതിയോളം സ്കൂളുകളിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ആയതിനാൽ ഹോസ്റ്റൽ തുറന്ന

പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതായിട്ടുമുണ്ട്. കോവിഡ് പൂർണമായും നിയന്ത്രണ വിധേയമാകാത്ത സാഹചര്യം നിലനിന്നിരുന്നതിനാലാണ് പകുതി കുട്ടികൾ വരുന്ന തരത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിച്ചത്. ആദ്യഘട്ടത്തിലെ പ്രവർത്തനം നിരീക്ഷിച്ച ശേഷം മാത്രമായിരിക്കും എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സാധാരണ രീതിയിലേയ്ക്ക് മാറുന്നത്. ആ ഘട്ടത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ തുറക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. പി. കെ ബഷീർ</u>: സർ, അങ്ങ് പറഞ്ഞു കൊവിഡ് സാഹചര്യം മാറുകയാണ് എന്ന്. ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും തുറന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ നാൽപ്പതുശതമാനം ഹാൻഡികാപ്പ്ഡ് ആയിട്ടുള്ള കുട്ടികൾക്ക് സ്കൂളിൽ വരാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൂടെ. അതുപോലെ ഞാൻ നേരത്തെ സൂചിപ്പിച്ച സർക്കുലറിലെ പന്ത്രണ്ടാമത്തെ കണ്ടീഷൻ ഭേദഗതി ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ പറഞ്ഞതെല്ലാം വസ്തുതാപരമായ കാര്യങ്ങളാണ്. അതിലൊരു തെറ്റും പറയുന്നില്ല. പക്ഷേ കുട്ടികൾക്ക്

അസുഖം വരുന്നതിന്റെയും പ്രതിരോധശേഷിയുടെയും പ്രശ്നങ്ങൾ ഉണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരു വീട്ടിൽ ഒറ്റയ്ക്ക് ഇരിക്കുമ്പോഴുള്ള മാനസികവിഷമങ്ങളും മനസ്സിലാകും. പക്ഷേ മാനസിക വെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങൾക്ക് രോഗം വന്നാലുള്ള പ്രശ്നങ്ങൾ അതിനെക്കാൾ ഗുരുതരമാണ്. അതുകൊണ്ട് കോവിഡ് പ്രോട്ടോക്കോൾ തീരുമാനിക്കുന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.